(ബി) ഇക്കാര്യം കേന്ദ്ര ഗവൺമെൻറുമായി ആലോചിച്ചു വരികയാണ്.

മൽസ്യഫെഡ് ആവിഷ്ക്കരിച്ചിട്ടുള്ള ക്ഷേമപരിപാടികൾ

* 185. [205] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, ടി. കെ. അബ്ദു :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, വർക്കല രാധാകൃഷ്ണൻ :
ശ്രീമതി പി. ദേവൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യഫെഡ്, മൽസ്യത്തൊഴിലാളികൾക്ക് വേണ്ടി എന്തെല്ലാം ക്ഷേമപരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ബി) മൽസ്യഫെഡിൻെറ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) പണമില്ലാത്തതുകൊണ്ട് മൽസ്യഫെഡിൻെറ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്തുന്നില്ലെന്ന് അറിയുന്നത് ശരിയാണോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) സംസ്ഥാനത്തെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കുവേണ്ടി മൽസ്യഫെഡ് ഇപ്പോൾ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ താഴെ പറയുന്നവയാണ് :

1. എൻ. സി. ഡി. സി. പദ്ധതി അനുസരിച്ചും, വെള്ളപ്പൊക്കദുരിതാശ്വാസ പദ്ധതിയനുസരിച്ചും വള്ളം, വല, ഔട്ട് ബോർഡ് മോട്ടോർ എന്നിവയുടെ വിതരണം.

2. ഡി. ആർ. ഐ. പദ്ധതിയനുസരിച്ച് മൽസ്യബന്ധനോപകരണങ്ങളുടെ വിതരണം.

3. മൽസ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള ഭവനനിർമ്മാണ പദ്ധതി.

4. മൽസ്യത്തൊഴിലാളി സ്ത്രീകൾക്കുവേണ്ടി വനിതാ സ്പെഷ്യൽ ബസ് സർവ്വീസുകളുടെ പ്രവർത്തനം.

5. ഔട്ട്ബോർഡ് മോട്ടോറുകൾക്ക് പെർമിറ്റടിസ്ഥാനത്തിൽ മണ്ണെണ്ണ ലഭ്യമാക്കൽ.

6. മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് കുറഞ്ഞ പലിശനിരക്കിൽ ബാങ്കുകളിൽനിന്നും വായ്പ ലഭ്യമാക്കുന്നതിനുവേണ്ട ഒത്താശ ചെയ്തുകൊടുക്കൽ.

7. മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതുവഴി കൂടുതൽ വരുമാനം നേടിക്കൊടുക്കുന്നതിനുംവേണ്ടി ചെമ്മീൻ കിള്ളൽ കേന്ദ്രങ്ങൾ, മൽസ്യസംസ്കരണ കേന്ദ്രങ്ങൾ എന്നിവയുടെ രൂപീകരണവും നടത്തിപ്പും.

8. യന്ത്രങ്ങൾ ഘടിപ്പിച്ച മൽസ്യബന്ധനോപകരണങ്ങൾക്ക് ഡീസലും എഞ്ചിൻ ഓയിലും വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള ഡീസൽ ബങ്കുകളുടെ നടത്തിപ്പ്.

9. മൽസ്യത്തൊഴിലാളികളുടെ ഇടയിൽ സാക്ഷരത വർദ്ധിപ്പിക്കുന്നതിനും ആരോഗ്യ പരിപാലനം, പരിസരശുചീകരണം, എന്നിവയെക്കുറിച്ച് ബോധവാൻമാരാക്കുന്നതിനുംവേണ്ടി അനൗദ്യോഗിക വിദ്യാകേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കൽ.

10. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ ആവിഷ്ക്കരിക്കുന്ന ക്ഷേമപരിപാടികളുടെ ഫല പ്രദമായ നടത്തിപ്പ്.

(ബി) ഉണ്ട്.

(സി) ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly